## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2708

18.06.2018-ൽ മറുപടിക്ക്

**ഭൂമിയുടെ ന്യായവില നിർണ്ണയം**

**ചോദ്യം**

**ശ്രീ.മഞ്ഞളാംകുഴി അലി**

എ) സംസ്ഥാനത്ത് ന്യായവില നിർണ്ണയം നടത്തിയിട്ടില്ലാത്ത ഭൂമിയുടെ രജിസ്ട്രേഷന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ന്യായവില നിർണ്ണയം നടത്തിയിട്ടില്ലായെന്ന കാരണത്താൽ മാത്രം ഭൂമി കൈമാറ്റം നടത്താനോ വിൽപ്പന നടത്താനോ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) പല രജിസ്ട്രാർ ഓഫീസുകളിലും ന്യായവില നിർണ്ണയം നടത്തിയിട്ടില്ലാത്ത ഭൂമി കൈമാറ്റം ചെയ്യുന്നതിന് തടസ്സമുന്നയിക്കുന്ന-തായുള്ള പരാതികൾ ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തര സാഹചര്യങ്ങളിൽ ഭൂമികൈമാറ്റം ആവശ്യമായി വരുന്നവർക്ക് ഇതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ?

**ഉത്തരം**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

എ) സംസ്ഥാനത്ത് ന്യായവില നിർണ്ണയം നടത്തിയിട്ടില്ലാത്ത ഭൂമിയുടെ രജിസ്ട്രേഷന് തടസ്സങ്ങളൊന്നും നിലവിലില്ല.

ന്യായവില നിർണ്ണയം നടത്തിയിട്ടില്ലായെന്ന കാരണത്താൽ മാത്രം ഭൂമി കൈമാറ്റം നടത്താനോ വിൽപ്പന നടത്താനോ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ബി) ശ്രദ്ധയിൽപ്പെട്ടില്ല.

സെക്ഷൻ ഓഫീസർ